## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6639** **11-11-2021 - ൽ മറുപടിയ്ക്ക്**

## ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി യുടെ ഡിസ്റ്റന്റ് എജ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്? വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29 ന് യുജിസിയിൽ നിന്ന് 2 (എഫ്) പദവി ലഭിക്കുകയുണ്ടായി. യുജി, പിജി പ്രോഗ്രാമുകളും ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് സർവകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം ആദ്യഘട്ടമായി 12 യുജി പ്രോഗ്രാമുകളും 5 പിജി പ്രോഗ്രാമുകളും തുടങ്ങാനാണ് സർവകലാശാല തയാറെടുക്കുന്നത്. യുജി, പിജി കോഴ്സുകൾ തുടങ്ങുന്നതിന് യുജിസിയുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഇത് പ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രൊജക്ട് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. നിലവിലെ കാമ്പസ്സിന് പുറമെ അക്കാദമിക പ്രവർത്തനങ്ങൾക്ക് വേണ്ടി പടിഞ്ഞാറേകൊല്ലം ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവകലാശാലയുടെ പഠന കേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള |

| | | | |
|---|---|---|---|
| | | | അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ് ഈ സൗകര്യങ്ങൾ എല്ലാം നേരിട്ട് പരിശോധിച്ചതിനു ശേഷമേ യുജിസി കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ ഇവ സമയ ബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യുജിസി യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയിൽ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർവ്വകലാശാലയിൽ അധ്യാപക – അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനത്തിന് നിലവിൽ കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളതി നാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |
| (സി) | തസ്തിക സൃഷ്ടിക്കൽ വൈകുന്നത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (സി) | സർവ്വകലാശാലയിൽ അധ്യാപക – അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനത്തിന് നിലവിൽ കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളതി നാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ആയത് പരിഹരിച്ച് സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | സർവ്വകലാശാലയിൽ അധ്യാപക – അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനത്തിന് നിലവിൽ കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളതി നാൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ